# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. *468** — **24/10/2016-ന് മറുപടിക്ക്**

**പി.എസ്.സി.യുടെ പ്രവർത്തനങ്ങളിലെ ഗുണപരമായ മാറ്റങ്ങൾ**

**ചോദ്യം**

ശ്രീ. അനിൽ അക്കര
ശ്രീ.കെ.എസ്.ശബരീനാഥൻ
ശ്രീ.ഹൈബി ഈഡൻ
ശ്രീ.വി.ടി.ബൽറാം

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി.യുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം ഗുണപരമായ മാറ്റങ്ങളാണ് വരുത്താൻ സാധിച്ചതെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും (സി) യും | കേരള പബ്ലിക് സർവീസ് കമ്മീഷൻ ആധുനിക സാങ്കേതികവിദ്യ ഉപയുക്തമാക്കി തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങളുടെ വേഗതയും കൃത്യതയും വർദ്ധിപ്പിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. One Time Registration സംവിധാനം നടപ്പിൽ വരുത്തി. ആയതിന്റെ തുടർ നടപടിയായ One Time Verification സംവിധാനവും നടപ്പിൽ വരുത്തി.<br>മുൻ സർക്കാരിന്റെ കാലത്ത് പി.എസ്.സി. നടത്തിയ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |
| (ബി) | പരീക്ഷാ നടത്തിപ്പിലും ഫലപ്രഖ്യാപനത്തിലും നിയമനത്തിന് അഡ്വൈസ് നൽകുന്നതിലും എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചത്; വിവരിക്കുമോ; | | |
| (സി) | പി.എസ്.സി.യുടെ പരീക്ഷാ സമ്പ്രദായങ്ങളിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് പ്രസ്തുത കാലയളവിൽ നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ ? | | |

| | |
|---|---|
| നടത്തിയ പരീക്ഷകൾ | 2523 |
| പ്രസിദ്ധീകരിച്ച റാങ്ക് പട്ടികകൾ | 3408 |
| നിയമനശിപാർശകളുടെ എണ്ണം | 1,54,383 |

| | | | |
|---|---|---|---|
| | | | പരീക്ഷാരീതി പരിഷ്കരണത്തിന്റെ ഭാഗമായി online പരീക്ഷാ സംവിധാനം കേരള പി.എസ്.സി.യിൽ നടപ്പിലാക്കി. ഇതിനായി പി.എസ്.സി. സ്വന്തമായി മൂന്ന് online പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിച്ചു. കൂടാതെ വകുപ്പുതല പരീക്ഷകൾ കമ്പ്യൂട്ടർവൽക്കരിച്ചു. |

**സെക്ഷൻ ഓഫീസർ**